## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## കേന്ദ്ര പ്രായോജക സ്കീമുകൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :274

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>" എം. ഹംസ<br>ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമ വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന കേന്ദ്ര പ്രായോജക സ്കീമുകൾ ഏതെല്ലാമാണ്; 2012-13 ൽ അവയുടെ പ്രവർത്തന അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ഗ്രാമവികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃതപദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>2. പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന<br>3. ഇന്ദിരാ ആവാസ് യോജന<br>4. സംയോജിത നീർത്തട പരിപാലന പരിപാടി (ഐ ഡബ്ല്യു.എം.പി)<br>5. സമ്പൂർണ്ണ ശുചിത്വ പരിപാടി/നിർമ്മൽ ഭാരത് അഭിയാൻ<br>6. പിന്നോക്ക പ്രദേശ ധനസഹായ നിധി (ബി.ആർ.ജി. എഫ്)<br><br>2012-13 ൽ മേൽ പറഞ്ഞ പദ്ധതികളുടെ പ്രവർത്തനം അവലോകനം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്കീമുകൾ അതാത് സംസ്ഥാനങ്ങളുടെ പ്രാദേശിക സ്ഥിതിഗതികൾ കണക്കിലെടുക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതി അവലോകന വേളയിൽ ഇത് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിവിധ പദ്ധതികൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | ഏതെല്ലാം പദ്ധതികളാണ് ഇത്തരത്തിൽ പ്രായോഗിക തലത്തിൽ ബുദ്ധിമുട്ടുളവാക്കിയത്; | (സി) | |
| (ഡി) | പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് മറ്റ് നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

(1). മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സംസ്ഥാനത്തിന്റെ ഭൗതിക തൊഴിൽ സാഹചര്യങ്ങൾക്കിണങ്ങുന്നതും ഉല്പാദന മേഖലയ്ക്ക് കൂടുതൽ ഉണർവ്വേകുന്നതും പാവപ്പെട്ടവരുടെ ജീവനോപാധികൾ മെച്ചപ്പെടുത്താനുതകുന്നതുമായ ചില പ്രവൃത്തിയിനങ്ങൾകൂടി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തേണ്ടതാണെന്നും പദ്ധതിയിലെ കൂലി നിരക്ക് സംസ്ഥാനത്ത് നിലവിലുള്ള കുറഞ്ഞ കർഷകതൊഴിലാളികളുടെ വേതനത്തിന് തുല്യമാക്കണമെന്നുമുള്ള ആവശ്യം ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, ചുവടെ പറയുന്ന കാര്യങ്ങളിൽ അനുകൂല ഉത്തരവിന് വേണ്ടി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

1. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പ്രതിദിന വേതനം 200/-രൂപയാക്കുക
2. തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ലെ അനുവദനീയമായ പ്രവൃത്തിയിനങ്ങളിൽ ചുവടെ പറയുന്നവ ഉൾപ്പെടുത്തുക
    - i. എസ്.സി/എസ്.റ്റി, ബി.പി.എൽ, ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിൽ നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക
    - ii. പാവപ്പെട്ടവരുടെ സ്വയംസഹായസംഘങ്ങൾ പാട്ടത്തിന് എടുത്ത ഭൂമിയിലെ കാർഷിക പ്രവർത്തനങ്ങൾ
    - iii. ഉപേക്ഷിക്കപ്പെട്ട തോട്ടങ്ങളിലെ തോട്ടവിള കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
    - iv. 10 ഹെക്ടറോ അതിനു താഴെയുള്ള ചെറുകിട തോട്ടങ്ങളിലെ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ
    - v. രണ്ട് പശു/എരുമ വളർത്തി ക്ഷീര സഹകരണ സംഘത്തിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരുടെ ദൈനം ദിന പ്രവൃത്തികൾ
    - vi. കയർ,കൈത്തറി, മറ്റ് പരമ്പരാഗത തൊഴിലാളികളുടെ പ്രവൃത്തികൾ
    - vii. ദരിദ്ര വിഭാഗങ്ങളുടെ ഭവന നിർമ്മാണവും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളും
    - viii. പൊതു ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും

ix. തീരപ്രദേശ സംരക്ഷണത്തിന് അനുയോജ്യമായ പ്രവൃത്തികൾ

x. വനാവകാശ നിയമ പ്രകാരം അനുവദനീയമായ നിർമ്മാണ പ്രവൃത്തികൾ

xi. സേവന മേഖലയിലെ തൊഴിലുകൾ (വനിതകൾക്ക് മാത്രം)

(2). <u>പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന</u>

പി.എം.ജി.എസ്.വൈ പദ്ധതി സംസ്ഥാനത്തിന്റെ പ്രാദേശിക സ്ഥിതിഗതികൾ കണക്കിലെടുക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി അവലോകനവേളയിൽ ഇത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

- ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയിൽ ഇളവ് അനുവദിക്കുക.
- കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവാസ കേന്ദ്രങ്ങളുടെ നിർവ്വചനത്തിൽ മാറ്റം വരുത്തുക.
- റോഡിന്റെ ഗ്രേഡിയന്റിന് ഇളവ് അനുവദിക്കുക.
- പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയവും കേന്ദ്രസർക്കാർ വഹിക്കുക.
- മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി സംസ്ഥാനത്തിന് പുതിയ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള അനുവാദം നൽകുക.

(3). <u>**ഇന്ദിരാ ആവാസ് യോജന**</u>

**ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ഒരു വീടിനുള്ള യൂണിറ്റ് കോസ്റ്റ് 01.04.2013 മുതൽ 70.000/- രൂപയായാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ പ്രാദേശിക സ്ഥിതിഗതികൾ കണക്കിലെടുത്താൽ വർദ്ധനവ് അപര്യാപ്തമാണ് .**

(4). <u>പിന്നോക്ക പ്രദേശ ധനസഹായ നിധി (ബി.ആർ.ജി. എഫ്)</u>

ഈ പദ്ധതിയിൽ കൂടുതലും ഗ്രാമപഞ്ചായത്തുകൾക്കാണ് അനുവദിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾ വഴി ധാരാളം മറ്റു പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനാൽ <u>**ബി.ആർ.ജി. എഫ്**</u> പദ്ധതി വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുന്നില്ല. ആയതിനാൽ ഈ പദ്ധതി വഴിയുള്ള കൂടുതൽ പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കേണ്ടതാണ്.

അനുബന്ധം - 2

## (1). മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

1. ലേബർ ബഡ്ജറ്റ് കൃത്യതയോടെ തയ്യാറാക്കി യഥാസമയം കേന്ദ്രത്തിന് സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.
2. ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിന് എല്ലാ പഞ്ചായത്തിലും ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം, സമയബന്ധിതമായി വേതനം നൽകൽ എന്നിവ ഉറപ്പ് വരുത്തുന്നതിലേക്കായി നിലവിലുള്ള കരാർ ജീവനക്കാർക്ക് പുറമേ 60 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ അധികമായി ഡേറ്റാ എൻട്രി ഓപ്പറേറ്ററിനെയും, എഞ്ചിനീയർ/ ഓവർസീയർ എന്നിവരെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് അതോടൊപ്പം 2 കോടിയിലധികം തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും, ഒരു എഞ്ചിനീയർ/ ഓവർസീയറെയും നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.
3. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ, എന്നിവരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ സാങ്കേതികാനുമതി, മെഷർമെന്റ്/ ചെക്ക് മെഷർമെന്റ് എന്നിവയുടെ അധികാര പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.
4. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വാർഡ് മെമ്പർ അധ്യക്ഷനായ കമ്മിറ്റി എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും രൂപീകരിച്ചിട്ടുണ്ട്.
5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
6. പദ്ധതിയിലെ കൂലി വിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം(ഇ-എഫ്.എം.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

7. തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റ്മാരുടെ തെരഞ്ഞെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനും നിർവ്വഹണമേൽനോട്ടത്തിനുള്ള പരിചയസമ്പന്നത ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(2). <u>പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന</u>

കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ച് നിരവധി തവണ ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയിട്ടും കരാർ ഉറപ്പിക്കാൻ കഴിയാത്ത പ്രവർത്തികൾ 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവർത്തികൾക്കെല്ലാം തന്നെ 2010 ഷെഡ്യൂൾ റേറ്റിൽ നിന്നും 25 ശതമാനം മുതൽ 42 % ടെണ്ടർ പ്രീമിയം അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി പ്രവർത്തികൾ കരാറുകാരുമായി നെഗോഷിയേറ്റ് ക്വട്ടേഷൻ പ്രകാരം കരാർ ഉറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(3). <u>**ഇന്ദിരാ ആവാസ് യോജന**</u>

**ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് ജനറൽ / പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള ധനസഹായം രണ്ടര ലക്ഷം രൂപയുമായും 15.09.2011 മുതൽ മുൻകാല പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇത് മൂലമുണ്ടാകുന്ന അധിക ബാധ്യത പദ്ധതി തുകയിൽ നിന്ന് ജില്ല/ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്ക് വകയിരുത്താൻ കഴിയുന്നില്ല എന്ന് സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2012 -2013 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റായ 48,500/-രൂപയ്ക്ക് പുറമെ അധിക ബാദ്ധ്യതയായി വരുന്ന തുകയിൽ ഒരു വീടിന് 75,000/- രൂപ വീതം സർക്കാർ വിഹിതമായി നൽകുന്നതിനും ശേഷിക്കുന്ന ബാദ്ധ്യത ഇപ്പോൾ നിലവിലുള്ള അനുപാതമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വഹിക്കുന്നതിനും 18.09.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2627/2012/തസ്വഭവ പ്രകാരം അനുമതി നൽകിയിരുന്നു. ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കൾക്ക് അധിക സംസ്ഥാന ധനസഹായമായ 75000/-രൂപ വീതം ലഭ്യമാക്കുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും 200 കോടി രൂപ വായ്പയെടുക്കുന്നതിനും 2012-2013 പ്ലാൻ ഫണ്ടിൽ ചെലവാകാത്ത തുക വിനിയോഗിക്കുന്നതിനും അനുമതി നൽകി കൊണ്ട് സർക്കാർ ഉത്തരവ് (എം.എസ്) നം.90/13/തസ്വഭവ തീയതി.14.03.2013.പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്**

**പ്രസ്തുത ഉത്തരവിൻ പ്രകാരം ഗ്രാമവികസന കമ്മീഷണറേറ്റിൽ വിവിധ ഹെഡ് ഓഫ് അക്കൗണ്ടിൽ 2012-13 വർഷത്തിൽ ചെലവഴിക്കാൻ കഴിയാതെയിരുന്ന 79.95 കോടി രൂപ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങി ജില്ലകൾക്ക് വിതരണം ചെയ്യുകയുണ്ടായി. 2011-12 ലെയും 2012-13 ലെയും പണി തുടങ്ങിയ വീടുകൾക്ക് അധിക ബാദ്ധ്യത പരിഹരിക്കുന്നതിനായി ഒരു വീടിന് 75,000/-രൂപ നൽകുന്നതിനുള്ള**

ബാക്കി തുക കണ്ടെത്തുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുക്കുന്നതിനുള്ള നടപടികൾ ബ്ലോക്കു പഞ്ചായത്തുകൾ സ്വീകരിച്ചു കഴിഞ്ഞു. പ്ലാൻ ഫണ്ടിൽ ചെലവാകാത്ത തുകയും അധിക ബാദ്ധ്യത പരിഹരിക്കുന്നതിനായി വകയിരുത്തുന്നതിന് **ബ്ലോക്ക് പഞ്ചായത്തുകളിൽ** നടപടി സ്വീകരിച്ചിട്ടുണ്ട്.